## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4820** **14.11.2019 -ൽ മറുപടിയ്ക്ക്**

## നവോത്ഥാന മൂല്യങ്ങൾ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.വി. അബ്ദുറഹിമാൻ** | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | നവോത്ഥാന മൂല്യങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള ഈ കാലയളവിൽ പാഠപുസ്തകങ്ങളിൽ അത്തരം പാഠഭാഗങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നവോത്ഥാന മൂല്യങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | നവോത്ഥാന മൂല്യങ്ങൾ അടുത്ത തലമുറയിലേക്ക് കൈമാറുന്നതിനായി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) | നവോത്ഥാന നായകരുടെ ജീവിതവും സന്ദേശവും വ്യക്തമാക്കുന്ന കാര്യങ്ങൾ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ വ്യത്യസ്ത രീതിയിലുള്ള പാഠ്യാനുബന്ധവുംപാഠ്യേതരവുമായ പ്രവർത്തനങ്ങളിലൂടെയും നവോത്ഥാന മൂല്യ സന്ദേശങ്ങൾ വ്യാപിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ക്ലാസ്സ്‌റൂം പഠനത്തോടൊപ്പം ഭരണഘടനാ വാർഷികാഘോഷത്തിന്റെ ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധപരിപാടികളും സ്കൂളുകളിൽ നടത്തിവരുന്നുണ്ട്. |
| സി) | ശ്രീനാരായണഗുരു ഉൾപ്പെടെയുള്ള നവോത്ഥാന നായകരുടെ ചരിത്ര പാഠങ്ങൾ കരിക്കുലത്തിൽ കൂടുതലായി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | സി) | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ